# തണൽ



# സെന്റ് ജോസഫ്സ്
# ഹൈസ്കൂൾ കുടക്കച്ചിറ



വി.യൗസേപ്പിതാവിന്റെ അനുഗ്രഹസ്പർശത്താൽ ധന്യമാക്കപ്പെട്ട കുടക്കച്ചിറ ഗ്രാമത്തിന്റെ തിലകക്കുറിയായി ഏവരുടെയും ആശയും പ്രതീക്ഷയുമായി ഉയർന്നു നിൽക്കുന്ന വിദ്യാക്ഷേത്രമാണ് സെന്റ് ജോസഫ്സ് ഹൈസ്കൂൾ ,

കുടക്കച്ചിറയിലും പരിസരപ്രദേശങ്ങളിലുമുള്ള കുട്ടികളുടെ സർവ്വതോൻമുഖമായ പുരോഗതി ലക്ഷ്യമാക്കി 1948ൽ ആദരണീയനായ ഫാ.ജോസഫിന്റെ മണക്കാട്ടിന്റെ പ്രയത്നത്താൽ സെന്റ് ജോസേഫ് അപ്പർ പ്രൈമറി സ്കൂൾ സ്ഥാപിതമായി . 1982ൽ ഹൈസ്കൂളായി ഉയർത്തപ്പെട്ടു.നിശ്ചയദാർഢ്യവും ദിർഘവീക്ഷണവും കൈമുതലായിരുന്ന ഫാ.ജോസഫ് ഇഞ്ചിപ്പറമ്പിൽ സ്കൂൾ നിർമ്മാണത്തിന് തുടക്കമിട്ടു. ഫാ. ഫിലിപ്പ് കൊട്ടുകാപ്പിള്ളിയുടെ അർപ്പണമനോഭാവത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി .ശ്രീ പി .ജെ ജോസഫ് പാലാത്തൊട്ടുകയിൽ ആയിരുന്നു പ്രഥമ ഹെഡ്മാസ്റ്റർ .സ്കൂളിനെ അതിന്റെ ബാലാരിഷ്ടതകളിൽനിന്നെല്ലാം സംരക്ഷിക്കുവാനും പുരോഗനാത്മകമായ പല പദ്ധതികളും സ്കൂളിൽ ഏർപ്പെടുത്തുവാനും പള്ളിയുടെയും പൊതുജനങ്ങളുടെയും സ്ഥാപനങ്ങളുടെയും പ്രോത്സാഹനവും സഹായസഹകരണങ്ങളും ഈ വിദ്യാലയത്തിന് എപ്പോഴും ലഭിച്ചുകൊണ്ടിരുന്നു.വിവിധ മേഖലകളിൽ വിജയത്തിന്റെ വെന്നിക്കൊടി പാറിക്കുവാൻ അർപ്പണമനോഭാവത്തോടെ ധീരമായ നേത്രത്വം നൽകിയ മുൻസാരഥികൾ കൊളുത്തിയ വിജ്ഞാന ദീപശിഖ ഇപ്പോഴും പ്രകാശമാനമായിക്കൊണ്ടിരിക്കുന്നു.

ST. JOSEPH'S HIGH SCHOOL
KUDAKKACHIRA

റവന്യൂ ജില്ല
കോട്ടയം

വിദ്യാഭ്യാസ ജില്ല
പാലാ

വിദ്യാഭ്യാസ ഉപജില്ല
രാമപുരം

ഹെഡ് മാസ്റ്റർ
ജോഷി ആന്റണി

പി.ടി.എ പ്രസിഡന്റ്
അലക്സ് കച്ചിറമറ്റം

എം.പി.ടി.എ പ്രസിഡന്റ്
ബിൻസി പ്രദീപ്

# ആമുഖം



ഇന്നലെകളുടെ ജ്വലിക്കുന്ന ഓർമ്മകളും അനുഭവങ്ങളും അഗ്നിയിൽ സ്ഫുടം ചെയ്ത് അക്ഷരങ്ങളായി ഉരുവപ്പെടുത്തിയിരിക്കുന്നതാണ് ഈ ഇത്തിരി 'തണൽ'. ഓർമ്മകൾ മഴവില്ലായും മഴയായും മനസ്സുകളിൽ പെയ്തിറങ്ങുമ്പോൾ കാണാമറയത്തുള്ള കാഴ്ചകളും ശബ്ദങ്ങളും ഈ ഡിജിറ്റൽ മാഗസിനെ മുഖരിതമാക്കുന്നു. സമൂഹത്തെ ഉൾകൊള്ളുന്ന, പ്രകൃതിയെ സ്നേഹിക്കുന്ന, സഹജീവികളെ ആദരിക്കുന്ന, വരുംതലമുറക്കായി കരുതുന്ന ഉത്തരവാദിത്തമുള്ള, കടമകൾ നിറവേറ്റുന്ന, ഒരു പുതിയ തലമുറ ഈ വിദ്യാലയത്തിൽ രൂപം കൊള്ളട്ടെ എന്ന പ്രാർത്ഥനയോടെ ഈ മാഗസിന് എല്ലാ വിധ ഭാവങ്ങളും നേരുന്നു......

# എഡിറ്റോറിയൽ ബോർഡ്

| | | |
|---|---|---|
| ചീഫ് എഡിറ്റർ | : | ഇമ്മാനുവേൽ തോമസ് |
| അസിസ്റ്റന്റ് എഡിറ്റർസ് | : | ജോസ്മോൻ ജെയിംസ് |
| | | എബിൻ ബിനു |
| | | സായി സുദർശനൻ |
| സഹായിച്ചവർ | : | സന്ദീപ് എസ് |
| | | ആൽബിൻ സജി |
| | | അഭിദേവ് ബിജു |
| | | വിഷ്ണു വിജയകുമാർ |
| | | ഏബൽ ജെയിംസ് |
| | | ജോർജ്കുട്ടി ബിനോ |
| | | അലക്സ് ബിനോയ് |
| | | ആദർശ് എ ആർ |
| | | അനന്ദു അനി |
| | | മാത്യു കുര്യൻ |
| | | അഭിനവ് കെ ആർ |
| | | തീർത്ഥ ബോബൻ |
| | | അമൃത എം |

# ഉള്ളടക്കം

ആശംസകൾ ..........5
മികവിന്റെ മന്ത്രങ്ങൾ ..........6-9
ലഹരിക്കെതിരെ ..........10
അമ്മ ..........11
ഗുരുർ ദേവോ ഭവ ..........12
കലാ കേരളം ..........13-16
ഹരിതം ..........17
വിരഹം ..........18
മാറുന്ന മലയാളി,മാറുന്ന ഓണം ..........19
കേരളത്തിലെ സ്വാതന്ത്ര്യ സമരസേനാനികൾ ..........20-21
മുഖ്യമന്ത്രിമാർ ..........22-25
മംഗളദീപം ..........26
എൻ ജീവിതം ..........27
പൊതുവിജ്ഞാനം ..........28
എന്തേ കേരളീയരെ ഇങ്ങനെ ..........29
കുസൃതി ചോദ്യങ്ങൾ ..........30

## ആശംസ



വിദ്യാർത്ഥിവിദ്യാർത്ഥിനികളുടെ സർഗ്ഗശേഷികൾ അക്ഷര താളുകളിലൂടെ ആലേഖനം ചെയ്തിരിക്കുന്ന ഈ ഡിജിറ്റൽ മാഗസിന്റെ അണിയറശില്പികളായ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് അഭിനന്ദനങ്ങൾ ........

ജോഷി ആന്റണി
ഹെഡ്മാസ്റ്റർ

# മികവിന്റെ മന്ത്രങ്ങൾ

## സംസ്ഥാനതലത്തിലെ നമ്മുടെ പ്രതിഭകൾ



# ജില്ല-സബ്ജില്ല തലങ്ങളിലെ നമ്മുടെ പ്രതിഭകൾ













രാമപുരത്തുവെച്ചു നടന്ന സബ് ജില്ലാ ഫുട്ബോൾ മത്സരത്തിൽ കുടക്കച്ചിറയിലേക്ക് കപ്പെത്തിച്ച
കുടക്കച്ചിറ സെന്റ്. ജോസഫ്സ് ഹൈസ്കൂളിന്റെ ചുണക്കുട്ടന്മാർക്ക്
നാടിന്റെ അഭിനന്ദനങ്ങൾ


സെന്റ്. ജോസഫ്സ് ഹൈസ്കൂൾ കുടക്കച്ചിറ
പാലായിൽ വെച്ചുനടന്ന രാമപുരം ഉപജില്ലാ
കായികമത്സരത്തിൽ കരുത്തുതെളിയിച്ച
കടക്കച്ചിറയുടെ കായിക താരങ്ങൾ
Ist
ആൻമരിയ ടോമി
200 mtr
അർജ്ജുൻ. കെ. ജയൻ
400 mtr II
ആൻമരിയ ടോമി
100 M
II
മാത്യു കര്യൻ
High Jump
II
അർജ്ജുൻ.കെ.ജയൻ
100 M
III
Relay
III
Relay
III
Relay
III
Relay
III
അഭിനന്ദനങ്ങൾ


Still Model Second A Grade
Annmary Binu
Ansa Manoj
Work Experience
Navaneeth Suresh
Second A Grade
Selestian Tomy
Second A Grade

# NMMS ,USS , LSS സ്കോളർഷിപ് വിജയികൾ






# ലഹരിക്കെതിരെ....

**അഭിനവ് കെ ആർ 6A**

"കരളു പങ്കിടാൻ വയ്യ എൻറെ പ്രണയമേ, പകുതിയും കൊണ്ടുപോയി ലഹരിയുടെ പക്ഷികൾ"

പ്രശസ്ത കവി അയ്യപ്പൻറെ വരികൾ മലയാളികളുടെ ഇന്നത്തെ അവസ്ഥ വിളിച്ചോതുന്നു. കണ്ടാലും കൊണ്ടാലും കേട്ടാലും പഠിക്കാത്ത മലയാളികൾ സാക്ഷരകേരളം ദൈവത്തിൻറെ സ്വന്തം നാട് എന്നെല്ലാം അഭിമാനിക്കുന്ന നാം, ലഹരിയുടെ കാര്യത്തിൽ ഗുരുതരാവസ്ഥയിലാണ് എന്ന സത്യം തിരിച്ചറിയണം. മനുഷ്യകുലത്തിന്റെ മഹാശത്രുവാണ് ലഹരി. സൗഹൃദത്തിലോ കൗതത്തിലോ തുടങ്ങി ലഹരിയുടെ നീരാളി കരങ്ങളാൽ ജീവിതം ഇരുട്ടിലായ പുതുതലമുറയുടെ അനുഭവങ്ങൾ സാക്ഷ്യങ്ങളായി ഇന്ന് നമുക്ക് മുമ്പിലുണ്ട്. അറിവില്ലായ്മ കൊണ്ടല്ല അഭ്യസ്തവിദ്യരാണ് ലഹരിക്ക് അടിപ്പെട്ട് ജീവിതം പൊലിഞ്ഞ് പാറ്റകളെ പോലെ വീണു ഉടയുന്നത് എന്നത് വേദനയുറുന്ന ഇന്നിന്റെ നേർക്കാഴ്ചകളാണ്. ലഹരി തിന്മയുടെ താക്കോലാണ്. വ്യക്തി, കുടുംബം, സമൂഹം, ജീവിതം ഇതിനുള്ളിൽ ലഹരിക്ക് സ്ഥാനമില്ല എന്ന രാഷ്ട്രപിതാവായ ഗാന്ധിജിയുടെ വാക്കുകൾ നമുക്ക് മനപാഠമാക്കണം.അപകടങ്ങൾ ,ആത്മഹത്യകൾ ,കൊല പാതകങ്ങൾ,കവർച്ചകൾ,മാനസികവിഭ്രാന്തികൾ,വിഷാദ രോഗങ്ങൾ ഇങ്ങനെ നീളുന്നു ലഹരിയുടെ പ്രത്യാഘാതങ്ങൾ. ഇവ സാമൂഹിക കുടുംബ ബന്ധങ്ങളിൽ സൃഷ്ടിക്കുന്ന വിള്ളലുകൾ നിർവചിക്കാനോ കണ്ടെത്താനോ ആവില്ല.



ഒരുകാലത്ത് യുവതലമുറയാണ് ലഹരിക്ക് അടിമപ്പെട്ടിരുന്നതെങ്കിൽ ഇന്ന് സ്ത്രീകളും കൊച്ചു കുട്ടികളും വരെ ഇതിൻറെ ഉപഭോക്താക്കളും വിതരണക്കാരുമായി മാറുന്ന ദയനീയ കാഴ്ച കണ്ടു നിൽക്കാൻ ഇനിയും നമുക്കാവുമോ. മഹാമാരിയെയും പ്രളയത്തെയും അതിജീവിച്ച് കേരളം ലഹരിക്കെതിരെ പ്രതിരോധ കോട്ട പടുത്തുയർത്തേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.ബാല്യ കൗമാരത്തിന്റെ ഊർജ്ജസ്വലതകളെ ജീവിതലഹരി കൊണ്ട് ഊഷ്മളമാക്കാം.നമ്മുടെ സാഹസികതകൾ കൊണ്ട് ഉത്തേജിപ്പിക്കാനും സർഗാത്മകതയുടെ മൂർച്ചയിൽ സത്യത്തെ പരിചയപ്പെടുത്താനും നല്ല സൗഹൃദങ്ങളെ കണ്ടെത്താനും കുട്ടികളെ പരിശീലിപ്പിക്കണം.ഉപദേശങ്ങൾ അല്ല മാതൃകകളാണ് കുട്ടികളെ പ്രചോദിപ്പിക്കേണ്ടത് എന്നത് മറക്കാതിരിക്കാം.വീടുകളിൽ നിന്ന് ആരംഭിക്കുന്ന ലഹരിയുടെ പ്രതീകോദം വിദ്യാലയങ്ങളിൽ പടർന്നുജോലിക്കട്ടെ. ഒരിക്കലും ലഹരിക്ക് അടിപിടി എന്ന പ്രതിജ്ഞയോടെ നമുക്ക് കൈകോർക്കാം. ലഹരിക്ക് അടിപ്പെട്ടവരെ പുതിയ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരാനുള്ള കടമയും ഉത്തരവാദിത്വവും മറക്കാതിരിക്കാൻ ഉണങ്ങിയ പച്ചയായ മരം ഉണ്ടെങ്കിൽ അനങ്ങാത്ത മുട്ടയിൽ ആടുന്ന മയിൽ ഉണ്ടെങ്കിൽ വികൃതമായ കളിമണ്ണിൽ മനോഹരമായ പൂച്ചട്ടി ഉണ്ടെങ്കിൽ ലഹരി വിമുക്ത കേരളം ഒരു സ്വപ്നമല്ല, യാഥാർത്ഥ്യമാണ് എന്ന് ഉറച്ചു വിശ്വസിക്കാം.

കവിത

# അമ്മ

അമ്മ ഉമ്മ തരും
അമ്മ സ്നേഹം പകരും
അമ്മയാണ് നാം കാണുന്ന ദൈവം
ദൈവം എന്ന ആദ്യ അക്ഷരം പകരുന്ന അമ്മ
മക്കളെ ചേർത്ത് നിർത്തും അമ്മ
ദൈവമാണ് എൻറെ അമ്മ
കഥകൾ പറഞ്ഞുതരും അമ്മ
കൂട്ടുകാരിയാണ് എന്നമ്മ

അൽഫോൻസാ ടോം
മരിയ ടോം 6B



# ഗുരുർ ദേവോ ഭവ

## ജിഷ ജി പീടികമലയിൽ

"ഗുരുർ ദേവോ ഭവ:"എന്ന ആർഷ ഭാരത ദർശനത്തിന്റെ അർത്ഥം മാഞ്ഞുപോയ വർത്തമാനകാലത്തിലാണ് നാമിന്നു ജീവിക്കുന്നത് .അധ്യാപകൻ സൂര്യനായിരുന്ന ഗുരുകുലസമ്പ്രദായം ആണ് നമുക്ക് ഉണ്ടായിരുന്നത്.വിദ്യാർത്ഥികേന്ദ്രീകൃതമായ ആധുനിക വിദ്യാഭ്യാസം കടന്നു വന്നപ്പോൾ വിദ്യാർത്ഥി സൂര്യനായി വാഴ്ത്തപ്പെടുകയും അധ്യാപകർ വിദ്യാർത്ഥി സൂര്യന്റെ ഉപഗ്രഹങ്ങളായി മാറുകയും ചെയ്തത് വെളിച്ചം കെട്ടുപോയ കുറെ ഗുരു സൂര്യൻമാർ വരുത്തിവച്ച ഗുരുവന്ദനം തന്നെയാണ് .

വിദ്യാർത്ഥികളുടെ ബാലചാപല്യങ്ങളും ഏതു താന്തോന്നിത്തരവും ശാസിക്കാനോ തിരുത്തപ്പെടാനോ ശിക്ഷിക്കപ്പെടാനോ പാടില്ല എന്നത് വിദ്യാഭ്യാസ നയം ആക്കുന്നവർക്കു അറിവിന്റെ വെട്ടം കൂടിപ്പോയോ എന്ന് സംശയം തോന്നിച്ചിരിക്കുന്നു.തെറ്റ് ചെയ്താൽ ശിക്ഷിക്കാൻ പാടില്ല എന്ന് നിയമം പറയുന്നവർ വിദ്യാസമ്പന്നരോ വിദ്യാവിഹീനരോ ? പടുമുളകൾ മുറിച്ചുമാറ്റാത്ത വൃക്ഷങ്ങൾ ഉണ്ടോ ? കളകൾ പറിച്ചുമാറ്റാത്ത നെൽപ്പാടങ്ങൾ ഉണ്ടോ? കളയും വിളയും ഒന്നിച്ചു വളർത്തണോ ?

വിളയേണ്ടതാണ് വിളയെന്നും കളയേണ്ടതാണ് കളയെന്നും , ഈ ജീവിതം കളകൾ കൊണ്ടുള്ള കളിയല്ലെന്നും , വിളകൾ കൊണ്ടുള്ള വിളങ്ങലാണെന്നും തങ്ങളുടെ വിദ്യാർത്ഥികളെ പഠിപ്പിക്കാൻ അധ്യാപകന് അധികാരമുണ്ടാകണം .അവിടെ മാത്രമേ ഗുരു ദൈവമായി മാറുന്നുള്ളൂ ......



കവിത

# ഹരിതം

അമിത രാജ്

ഏയ് ഭൂമി !
നിന്നെ വിട്ടു പോയോ നിൻ
ഹൃദയത്തിൽ വിടർന്ന പച്ചപ്പ്
തളർന്നുവോ നിൻ മനം
മനുഷ്യന്റെ ക്രൂരതയാൽ
നിത്യവും നിൻ പച്ചപ്പ് നുണയും
സസ്യ മൃഗാധികൾ ഇനി എന്ത് ചെയ്യും
വറ്റിയോ നിന്റെ പുഴയാം ഞരമ്പുകൾ
സഹികെട്ടുവോ ഭൂമി നീ
മലിനമാം മനുഷ്യചെയ്തികളാൽ
നീ നിർജീവമാകുന്നുവോ .



# വിരഹം

ഇമ്മാനുവൽ തോമസ്

ഹൃദയം നുറുങ്ങുന്ന തേങ്ങലോടെ
മിഴിയിൽ നിറയുന്ന മൗനമോടെ
വിജനമാം വീഥിയിൽ ഏകാന്തമായ്
ദൂരേക്ക് മിഴി നട്ടു നിന്നിടുമ്പോൾ
പറയുവാൻ എന്തോ മറന്നിടുമ്പോൾ
മനസ്സിൽ കുറിച്ചിട്ട വരികൾ ബാക്കി
എന്നു നീ വായിച്ചെടുക്കുമെൻ മനസ്സിൻറെ
തീരാത്ത സ്നേഹത്തിൻ പുസ്തകത്താളുകൾ
ഒഴുകുന്ന നാം രണ്ടു പുഴകൾ പോലെ
ഇനിയെന്ന് കാണുമെന്നറിയാതെ അകലെന്നു
ഒരു വാക്ക് പറയാതെ പോകുന്ന പകലിന്റെ
ഓർമ്മകൾ സന്ധ്യയുടെ മിഴി നിറച്ചു
എന്നവൾ കാണുമീ രാവിൻറെ രോദനം
വെണ്ണിലാവിൻ നിലാമഴയിൽ
ദാഹിച്ച വേഴാമ്പലായി ഞാൻ ഉലയുന്നു
പെയ്യാത്ത മേഘമായി നീ ദൂരെയും
വിരിയുന്ന പൂവായി നീ നിൽക്കവേ
പൊഴിയുന്ന ഇതളായ് ഞാൻ പോകവേ
ഒരു കാറ്റിലെന്നും അണയാതെ കാത്തിടാം
നിൻ തിരി നാളെമെന്നും മനസ്സിലായ്
കാത്തുനിൽപ്പൂ ഞാൻ നിൻ വിളിക്കായി
വീണ്ടും തനിച്ചായി ഈ വീഥിയിൽ.

# മാറുന്ന മലയാളി,മാറുന്ന ഓണം

സായ് സുദർശനൻ


ഓണം മണ്മറഞ്ഞുപോയ ഒരു സുവർണകാലത്തിന്റെ ഓർമ്മപുതുക്കലാണ്. സമൃദ്ധിയുടെയും വിളവെടുപ്പിന്റെയും ഉത്സവമായിരുന്നു. അന്ന് മാവേലിമന്നനെ സ്വീകരിക്കാൻ മനുഷ്യരും പ്രകൃതിയും ഒരുപോലെ ഒരുങ്ങുമായിരുന്നു. അന്ന് അത്തം മുതൽ പത്തുദിവസം മുറ്റത്ത്  ചാണകം മെഴുകി പൂക്കളം ഒരുക്കമായിരുന്നു. വേലിപടർപ്പിലും കുന്നിൻ ചെരുവിലും മുറ്റത്തും ഒക്കെയായി ധാരാളം പൂക്കൾ അന്നുണ്ടായിരുന്നു. മുക്കുറ്റി,ചെമ്പരത്തി,തുമ്പ,കൊങ്ങണി തുടങ്ങിയ പലനിറത്തിലുള്ള പൂക്കൾ അത്തപൂക്കളം ഒരുങ്ങുവാൻ ഉപയോഗിച്ചിരുന്നു. പത്താം  ദിവസം രാവിലെ ആർപ്പുവിളികളോടെ പൂ മാറ്റുന്നു. നാടൻ ശീലകളും പൂവിളി ഉയരുന്നു പ്രഭാതങ്ങളും സമൃദ്ധിയുടെയും സന്തോഷത്തിന്റെയും ഒത്തുചേരലിനെ ഓർമിപ്പിക്കുന്നു. ഓണനാളുകളിൽ പ്രേത്യേകച്ച്  വിഭവസമൃദ്ധമായ സദ്യ ഒരുക്കുന്നു. ഇതുനവേണ്ടി അരിയും പച്ചക്കറികളും വഴക്കുലകളും ഒക്കെ ഓണത്തിന് വിളവെടുത്തക്ക രീതിയിൽ കൃഷി ചെയ്തിരുന്നു. ഒരു സാധനവും അന്ന് കടയിൽ പോയി വാങ്ങിയിരുന്നില്ല

ഇന്ന് ഓണം ആഘോഷിക്കുന്നതിനവേണ്ടി മലയാളികൾ ചന്തയെ ആണ് ആശ്രയിക്കുന്നത്. ഒരു ഓണം കിറ്റ് വാങ്ങിയാൽ ഓണം ആഘോഷിക്കാം എന്ന നിലയിലേക്ക് മലയാളികൾ മാറിയിരിക്കുന്നു. കൃഷിചെയ്യാനോ പൂവിടാനോ ആർക്കും സമയമില്ല. കൃഷിയിടങ്ങളുമില്ല. പൂ പറിക്കാൻ കുന്നുകളും ഇല്ലാതായിരിക്കുന്നു എന്നതാണ് വാസ്തവം. എങ്ങനെയും പണമുണ്ടാക്കണം എന്ന ചിന്തയാണ് ഇന്നുള്ളവർക്കുള്ളത്

കാർഷികഉത്സവമായിരുന്ന ഓണം ഇന്ന് കച്ചവട ഉത്സവമായി മാറിയിരിക്കുന്നു. കച്ചവടം പൊടിപൊടിക്കുന്ന കാലമാണ് ഇന്ന് ഓണക്കാലം.മലയാളികൾ ഓണത്തനിമ മറന്നരിക്കുന്നു.

# കേരളത്തിലെ സ്വാതന്ത്ര്യ സമരസേനാനികൾ

## പട്ടംതാണുപിള്ള



തിരുവിതാംകൂറിൽ ഏറ്റവും കൂടുതൽജനപ്രീതി നേടിയ സ്വതന്ത്ര്യസമരനേതാവ്. രാജ്യദ്രോഹകുറ്റത്തിന് ജയിൽശിക്ഷ അനുഭവിച്ചിട്ടുണ്ട്.തിരുവിതാംകൂർസ്റ്റേറ്റ് കോൺഗ്രസിന്റെ ആദ്യ പ്രസിഡന്റായിരുന്നു.തിരുവിതാംകൂർ ദിവാനായിരുന്ന സി പി രാമസ്വാമി അയ്യരോടുള്ള എതിർപ്പ് അദ്ദേഹത്തെ കേരളത്തിലെ സ്വാതന്ത്ര്യസമര നായകരുടെ മുൻനിരയിലെത്തിച്ചു. തിരുവിതാംകൂറിലെ ആദ്യത്തെ ജനകീയമന്ത്രിസഭ രൂപീകരിച്ചപ്പോൾ മുഖ്യമന്ത്രിയായി.1970-ൽ അന്തരിച്ചു.

# പഴശ്ശി രാജാ



18 - ആം നൂറ്റാണ്ടിൽ മലബാറിൽ ഉൾപ്പെട്ട കോട്ടയം ഭരിച്ചിരുന്ന പഴശ്ശി രാജാ ആണ് വടക്കൻ കേരളത്തിൽ ആദ്യമായി ബ്രിട്ടീഷുകാർക്കെതിരെ വിപ്ലവത്തിനൊരുങ്ങിയത്.ജനങ്ങളുടെ പരിപൂർണ സഹകരണത്തോടുകൂടി അദ്ദേഹം ബ്രിട്ടീഷുകാരെ എതിർത്തു. കുറിച്യരുടെ സഹായത്തോടെ ദേഹം ബ്രിട്ടീഷുകാർക്കെതിരെ സമരങ്ങൾ സംഘടിപ്പിച്ചു.1805-ൽ പുൽപ്പള്ളി വനത്തിൽ വെച്ചുണ്ടായ യുദ്ധത്തിൽ പഴശ്ശി മൃതിയണഞ്ഞു.

# മംഗളദീപം

ബോബി കുര്യൻ

ഉത്സവമായി ഉത്സവമായി
കർമ്മത്തികവിൻ ദീപവുമായി
വെള്ളിത്തേരിലേഴുന്നുള്ളുന്നുണ്ടേയ് (2 )



ശ്രുതിലയഗാനം ഉയർന്നല്ലോ
മേളം വന്നാലോ
സ്മൃതികൾ ഉയർത്തും സംഗമനാള്ളല്ലോ
കാഹളം ഓത്തീടാം
സ്നേഹപ്പൂക്കൾ ഉതിർത്തീടാം
ഒരു മനമായി വന്നണയാം
ഉത്സവലഹരിയിൽ ആറാടാം

ത്യാഗത്തിന് ശിലകളാൽ
നാടൊരുക്കിയ നിലയനമേ
കുടക്കച്ചിറയുടെ നിറവാം
കർമ്മഭൂവാം ആലയമേ (2)

# എൻ ജീവിതം

ജോസ്‌മോൻ ജെയിംസ്



മഴവിരൽത്തുള്ളിയാൽ ചാലിച്ചതാം
മൗനം കൊണ്ടെത്തും യാമം
ആരാരു കണ്ണുനീർ പൊഴിച്ചാലും
ആരുടെ മനസ്സിൽ ആഹ്ലാദം വന്നാലും
ആരു ഭയന്നാലും മറന്നാലും
നടന്നാലും ചിരിച്ചാലും കരഞ്ഞാലും
ഉടനെ മനതാരിൽ പാഞ്ഞെത്തുന്നവൾ
ഇവൾ അവസരവാദി തന്നെയോ
അതോ ദുഃഖംതൻ സ്വാന്തനനിർവൃതിയോ
മനസ്സിന്റെ വിങ്ങലിൽ നീ വിടരും
നീ തന്ന;
യെൻ ജീവിതമാകുന്ന കവിത

# പൊതുവിജ്ഞാനം

ഇന്ത്യയിലെ ഏറ്റവും പഴക്കമുള്ള വർത്തമാനപത്രം?

**ബോംബെസമാചാർ**

ഇന്ത്യയിൽ തപാൽസ്റ്റാപിൽ പ്രത്യക്ഷപെട്ട ആത്യ മലയാളി?

**ശ്രീ നാരായണഗുരു**

ബുക്കർ സമ്മാനം നേടിയ മലയാളി വനിത?

**അരുന്ധതി റോയ്**

കേരളത്തിന്റെ തനതായ നൃത്തം?

**മോഹിനിയാട്ടം**

രാജ്യത്തിന്റെ പേര് സ്റ്റാമ്പിൽ അച്ചടിക്കാത്ത ഏക രാജ്യം?

**ഇംഗ്ലണ്ട്**

പൊതു തെരഞ്ഞെടുപ്പ് നടന്ന ആദ്യ ഏഷ്യൻ രാജ്യം?

**ഇന്ത്യ**

'യവനരുടെ വാത്മീകി' എന്നറിയപ്പെടുന്ന അന്ധ കവി?

**ഹോമർ**

ആരുടെ ഇരുന്നൂറാം ജന്മവാർഷികത്തിനാണ് ഇന്ത്യ
സ്പർശനത്താൽ
മനസ്സിലാക്കാവുന്ന സ്റ്റാമ്പ് പുറത്തിറക്കിയത്?

**ല്വയിസ് ബ്രെയിലി**

സസ്യങ്ങൾക്ക് ജീവനുണ്ടെന്ന് കണ്ടെത്തിയ ശാസ്ത്രജ്ഞൻ?

**ജെ സി ബോസ്**

യൂറോപ്പിലെ നവോത്ഥാനം ആരംഭിച്ചത് ഏത് രാജ്യത്താണ്?

**ഇറ്റലി**

# കുസൃതി ചോദ്യങ്ങൾ

1.തിന്നാൻ പറ്റുന്ന നിറം?

2.കൈയിലണിയാൻ പറ്റാത്ത വള ?

3.കുവൈറ്റിലെ ഏറ്റവും പ്രശസ്തമായ ആർ ?

4.ഒരിക്കലും വൃത്തിയാക്കാൻ പറ്റാത്ത പാത്രം ?

5.താമസിക്കാൻ പറ്റാത്ത വീട് ?

6.ലോകത്തിലെ ഏറ്റവും വലിയ സംഖ്യ ?

7.തടി ലഭിക്കാത്ത മരം ?

8.തലയിൽ കാൽവച്ചു നടക്കുന്ന ജീവി ?

9.വെള്ളത്തിൽ വീണാൽ നനയാത്ത വസ്തു ?

10.വെട്ടും തോറും നീളം കൂടുന്നതെന്തു?

11.എറ്റവും ചെറിയ പാലം ?

12.സ്ഥാനം മാറുമ്പോൾ പേര് മാറുന്ന വസ്തു?

ഉത്തരങ്ങൾ

1.ഓറഞ്ച്
2.തവള
3.ദിനാർ
4.കഥാപാത്രം
5.ചീവീട്
6.ജനസംഖ്യ
7.സമരം
8.പേൻ
9.നിഴൽ
10.വഴി
11.മൂക്കിന്റെ പാലം
12.തലമുടി

# നന്ദി .......

വഴി കാട്ടിയ അധ്യാപകർക്ക് .......

ഒപ്പം നിന്ന കൂട്ടുകാർക്ക് ........

വിഭവങ്ങൾ ഒരുക്കിത്തന്ന

സഹപാഠികൾക്ക് ......

കൂപ്പുകൈകളോടെ ,

**ലിറ്റിൽ കൈറ്റ്സ്**

**സെന്റ് ജോസഫ്സ് എച്ച് എസ് കുടക്കച്ചിറ**